# AMELIA

BBHS
NANGIARKULANGARA

school code: 35046



# ആശംസ

സ്കൂളിലെ വിദ്യാർഥിനികളുടെ സർഗ്ഗവാസനകളെ കോർത്തിണക്കി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി  ലിറ്റിൽ കൈറ്റ് അംഗങ്ങൾ പ്രസിദ്ധീകരിക്കുന്ന *AMELIA* എന്ന ഡിജിറ്റൽ മാഗസിന്  എല്ലാവിധ ആശംസകളും നേരുന്നു.



Sr. Lizbeth S.I.C.
Headmistress
BBHS Nangiarkulangara

# എഡിറ്റോറിയൽ ബോർഡ്



# ഉള്ളടക്കം


| | |
|---|---|
| തത്തപ്പെണ്ണ് | 6 |
| ഒരു പൂമൊട്ടിനു വേണ്ടി | 7 |
| ചന്ദനം | 8 |
| കടൽ ആകുന്നെ ജീവിതം | 9 |
| ഒരു പൂക്കാലത്തിനായി | 10 |
| ഓണനിലാവ് | 11 |
| കാറ്റൊരു സഞ്ചാരി | 12 |
| എന്തിനു ഭാരതധരെ കരയുന്നു | 13 |
| മാധവമാസം | 14 |
| ഭഗ്നഹൃദയം | 15 |
| മഴവില്ല് | 16 |
| പ്രകൃതി | 17 |
| രാത്രിയുടെ വെളിച്ചം | [illegible] |
| ലോക സാഹിത്യത്തിൽ ടോൾസ്റ്റോയിക്കുള്ള സ്ഥാനം | 19 |
| വൈലോപ്പിള്ളി | 23 |
| കാക്കാരിശി നാടകം | 26 |

Freedom 29

DREMS 30

MOON 31

MASHA IN THE NIGHT 32

THE LOVING TOUCHES OF FATHER 36



# തത്തപ്പെണ്ണ്

പച്ച മേനിയിൽ ചിറകു വിരിച്ച്
പാറി നടക്കും തത്തമ്മേ
നിൻ പയ്യാരം കേൾക്കാൻ
എൻ മനം ഏറെ കൊതിക്കുന്നു
നെല്ല് വിളയും പാടത്ത്
നെല്ല് കൊത്തും തത്തമ്മ
നിൻ തേൻ മലർ ചുണ്ടിലെ
തേൻ നുണയാനായി ഏറെ കൊതിക്കുന്നു
തത്തമ്മ പെണ്ണെ നിന്റെ കിളി-
കൊഞ്ചൽ എന്തു രസമെന്നോ
തേൻ നുകരും നിൻ പാട്ട്
കേൾക്കാൻ എന്തു രസമാണ്!

DIYA S
7

# ഒരു പൂമൊട്ടിനു വേണ്ടി

ഒരു കൊച്ചു പൂമൊട്ടു പോലുമില്ലാതെ
എന്തിനെൻ മുല്ല പിണങ്ങി നിൽപ്പൂ?
എന്നോട് കോപമോ, നീരസമോ
ഇഷ്ടക്കുറവോ നൊമ്പരമോ
മരുവിൻ നിൽക്കുന്ന കള്ളിമുൾ
പോൽ എന്തിനാണിങ്ങനെ വ്യാസനിപ്പൂ?
കോപവും നീരസവും ദേഷ്യവും ഒന്നുമില്ല
ശുദ്ധ വായുവിൻ ന്യൂനതയാ
വെള്ളവും വായുവും ഒന്നുമില്ലാതെ
എങ്ങനെ ഞാനീ ലോകത്ത് മൊട്ടിടും
ഈ ചൂഷണ ലോകത്ത് മൊട്ടിടും?
എൻ ജീവൻ ഭീഷണി തൻ വക്കിൽ
രാസവളം മണ്ണിൻ വീര്യം കുറപ്പിച്ചു
ഗുണമില്ലാത്ത മണ്ണിൽ എങ്ങനെ-
നിലനിൽക്കും ഞാൻ??

ANUPAMA V
8 B

# ചന്ദനം

ചന്ദനമരമേ ചങ്ങാതി
എന്താണ് എന്താണ് ചങ്ങാതി
നിൻ ചന്ദനക്കാട്ടിലെ സംസാരം
പേടിച്ചരണ്ടു ഞാൻ നിൽക്കുന്നു ചങ്ങാതി
മാഫിയക്കാരെങ്ങാൻ വന്നാലോ
വെട്ടി  മുറിച്ച് എന്നെ കൊണ്ടുപോയാൽ
എന്നിലെ സുഗന്ധം ചോർന്നുപോകും
എനിക്ക് ചന്ദനക്കൂട്ടിൽ നിന്നും
പിരിയാനാവില്ല ചങ്ങാതി

NADIYA S
7 D

# കടൽ ആകുന്നെ ജീവിതം

ജീവിതം ഒരു കടൽ പോലെയാണ്....
തിരമാലകൾ സുഖ ദുഃഖവും പോലെ
തിരമാലകൾ കരയിലേക്ക് വരുന്നത്
സന്തോഷം പോലെയും

തിരമാലകൾ ആഴത്തിലേക്ക് ഇറങ്ങുന്നത്
ദുഃഖവും പോലെ ജീവിതം ഒരു തരത്തിൽ
കടൽ തന്നെയാണ്.....

SANA FATHIMA
8 D

# ഒരു പൂക്കാലത്തിനായി

പൂക്കൾ വിറ്റ് ജീവിതം നയിക്കുന്ന
ഒരു പൂക്കാരി ബാലിക ഞാൻ
അച്ഛനും ഇല്ല അമ്മയും ഇല്ല
ആരുമില്ലാത്ത ഒരു അനാഥയാണ് ഞാൻ
പൂക്കളാണ് എനിക്ക് ആശ്രയം
ദുഃഖമാം എൻ ജീവിതത്തിൽ
ആശ്വാസത്തിൻ ഗന്ധമായി എത്തി കുസുമങ്ങൾ
പൂക്കളില്ലാത്ത ഈ കാലം
നഗരത്തിൻ വാതിൽ തുറന്ന പോലെ
ഒരു നേരത്തെ ആഹാരത്തിനായി
എൻ മനം കേഴുന്നു
വസന്തകാലത്തിൻ വരവിനായി
എൻ മനം കൊതിക്കുന്നു
പൂക്കൾ നിറഞ്ഞ കാലം
എൻ സ്വപ്നം

ATHULYA B
9 B

# ഓണനിലാവ്

കുളിച്ചു പൂപൊലി പാട്ടിൽ
വിളിച്ചു മലനാടിനെ
ഒളിച്ചു പൂക്കളം തീർത്തു
കളിച്ച പുലർവേളകൾ
പറന്നു പോയി പഞ്ചവർണ്ണ-
കിളിക്കൂട്ടങ്ങൾ പോലവേ
കുന്നിൻ ചെരുവിലോണപ്പൂ-
ക്കുമ്പിളേന്തിയ സന്ധ്യകൾ.

ARCHA V
6 C

# കാറ്റൊരു സഞ്ചാരി

പറയൂ പറയൂ കാറ്റേ നീ
പായുവതെന്തേ ധൃതിയിൽ നീ
മാടിവിളിപ്പതു കാണ്മീലെ
മായുവതെന്തേ മുകിൽ പോലെ
വന്ന കിതപ്പൊ ന്നാറ്റാതെ
പൂവും ചിരിക്കും കൊമ്പത്ത്
പൂർണിമ വിരിയും മാനത്ത്
മഞ്ജിമ പുൽകുമൊരുൾ നാട്ടിൽ
മഞ്ഞു പുതച്ച കൊടുങ്കാട്ടിൽ
ആളുകൾ തിങ്ങും നഗരത്തിൽ
കോളിളകുന്നു സമുദ്രത്തിൽ
ആറിന് നേരിയ വക്കത്ത്
ഞാറ് നിരന്നൊരു പാടത്ത്
പാരം നീ സുഖമായെന്ന്
പാഞ്ഞു നടന്നു കളിക്കുന്നു

ASWATHY NAIR
9C

# എന്തിന ഭാരതധരെ കരയുന്നു

ഭാരത മതേ  നിൻ നയനങ്ങൾ അശ്രുക്കളാൽ
നിറയുന്നതെന്തേ ...
നിൻ കണ്ണീർ മമ ഹൃത്തടത്തെ ഉരുക്കി
കളഞ്ഞിടുന്നേൻ
ജാതി വെറി പൂണ്ട മനുഷ്യനാൽ കത്തിയമരുന്ന
നിൻ മേനിയെല്ലാം
നഗ്നമാക്കപ്പെടുന്ന പെൺ സമൂഹവും ഭീതി
പൂണ്ട് വിറങ്ങലിക്കും നേരം
ബാഷ്പങ്ങൾ അണപൊട്ടി പ്രളയമായ് നിൻ മേനി
അഭിഷേകം ചെയ്തു കൊണ്ടാർ
നിൻ ദീന രോദനം എൻ കർണത്തിൽ ശരമാരി
അയച്ചിടുന്നേൻ
അറിയുന്നു ഞാൻ നിൻ വിലാപം, അമ്മേ.....
അറിയുന്നു ഞാൻ നിൻ വേദനയോക്കവേ..
സാന്ത്വനമായി പുണർന്നിടാം ഞാൻ നിന്റെ
മേനിയും മേദസ്സും മേദിനിയെ....

അദിതി സുനിൽ

# മാധവമാസം

മേടം കണ്ണുതുറന്നു പൂവണി-
മേടുകളെല്ലാം തെളിയാറായി
മാധവമാസം മണ്ണിന്ന മാദക
മാനസ നിർവൃതി യരുളാറായ്
മഞ്ഞണി മലയുടെ മുകളിൽ കതിരോൻ
മംഗല ദീപും കണി വയ്ക്കാൻ
പൂവും  തളിരുമിണങ്ങി വനാന്ത-
ശ്രീയുടെ നിറപറ വിലസുമ്പോൾ
എങ്ങും പ്രകൃതി ഒരുക്കിയ നൽക്കണി
മഞ്ജിമയാർന്നു ലസിക്കുന്നു
വർണോജ്വല്ല നവഭംഗികളനവതി
കണ്ണിന്ന കൗതുകം പകരുന്നു

AVANTHIKA S
9

# ഭഗ്നഹൃദയം

മാവുകൾ അറിയുമോ
മാനവാത്മാവിൽ വേവും-
നോവലുകൾ ! - അവയുടെ
ചില്ലകൾ വീണ്ടും പൂത്തും
ശോകഗന്ധിയാമോരോ
സമൃദ്ധിതൻ കുലകളാ-
ലോകമേ സമാകുല
മാകയായെന്നാത്മാവും
സോദരി ഭവതിയെ യിങ്ങനെ വിളിക്കുമ്പോൾ
വേദന നിറഞ്ഞൊരു ചിരിയാണെൻ ചുണ്ടിൽമേൽ
ഈ വിധം കപടമാം വിളിയല്ലാതെ മേലി-
ജ്ജീവിതത്തിങ്കൽ സഹി-
ക്കിലല്ലോ സദാചാരം
അർത്ഥഹീനമാമെൻ്റെ
ജീവിതത്തോടു ടൊട്ടുമ്പോൾ
വ്യർത്ഥമാകയാം ശബ്ദ-
സങ്കേതങ്ങളും കൂടി

DEVIKA
9 C

# മഴവില്ല്

---------------------

മഴ പെയ്യും കാലത്ത്
മാനത്തുണ്ടൊരു മഴവില്ല്
കാറ്റാടും നേരത്ത്
പുഞ്ചിരി തൂകും മഴവില്ല്
ഏഴുവർണ്ണങ്ങൾ തൂകി നിൽക്കുന്നു
ഭംഗിയുള്ളൊരു മഴവില്ല്
കാണാൻ ഭംഗി നിറഞ്ഞു
നിൽക്കുന്ന മഴവിൽ
കൈ എത്താദൂരത്തോളം
മാറി നിൽക്കും മഴവിൽ
മഴപെയ്യും കാലത്ത്
മാനത്തുണ്ടൊരു മഴവില്ല്.

KRISHNAPRIYA
9 B

# പ്രകൃതി

--------------------

പ്രകൃതി സുന്ദരം
പറവകൾ പാറും വിതാനം
പക്ഷികൾ ചിലയ്ക്കും നാടിൻ
കാറ്റിൽ ആടുന്ന ശിഖരങ്ങൾ
പുതുപുത്തൻ പൂക്കൾ വിരിയും നാട്
അരുവികൾ കളകളം പാടും നാട്
ഹരിതത്തിന് പൂന്തോപ്പാം നാട്

REVATHY
7B

# രാത്രിയുടെ വെളിച്ചം

ഇരുൾ വീണ വഴിയിലേക്ക് ഞാൻ നോക്കിനിൽക്കെ
കാണുന്നു ഞാൻ ഇരമ്പിയെത്തുന്ന മഴയെ
നിശയിലാശത്ത് മിന്നലിൻ ചിത്രപ്പണികൾ
ഇല കൊഴിഞ്ഞ ഒരു ശിഖരം പോലെ

പെട്ടെന്നു മഴത്തുള്ളിയുടെ താളം പിഴക്കുന്നു
ഭൂമിക്കാരോ കുട പിടിച്ചു
ഈറനണിഞ്ഞ , ചന്തമേറിയ സുന്ദരി -
മാരെപ്പോലെ ചെടികൾ ഇളകിയാടുന്നു
മിന്നൽ ഓടിയൊളിച്ചു , മഴത്തുള്ളി
മടങ്ങിപ്പോയി

രാത്രിയുടെ കോലാഹലം നിന്നുപോയി
നക്ഷത്രക്കൂട്ടങ്ങൾ ഒളികണ്ണിട്ടുനോക്കി
ചന്ദ്രൻ തെളിഞ്ഞു വന്നു
ദൂരെനിന്നെവിടെയോ ഒരു നുറുങ്ങുവെട്ടം
തെളിഞ്ഞെൻ അരികിൽ വന്നു.
അന്നു ഞാൻ കണ്ടെൻ്റെ കണ്മുന്നിൽ
രാത്രിയുടെ വെളിച്ചമെന്ന നിലാവിനെ.

AJANYA
9 B

# ലോക സാഹിത്യത്തിൽ ടോൾസ്റ്റോയിക്കുള്ള സ്ഥാനം

ഒരു ജനതയുടെ മുഴുവൻ വികാരവിചാരങ്ങളുടെയും ശക്തവും സുന്ദരവുമായ ആവിഷ്കാരം ഭാവന സമ്പന്നമായ ഒരു സാഹിത്യകാരൻ തന്റെ കൃതികളിൽ കൂടി നിർവഹിക്കുമ്പോൾ അനുപമമായ ഒരു വൈശിഷ്ട്യം ആ കലാസൃഷ്ടികൾക്ക് വന്നുചേരുന്നു. ഒരു കാലഘട്ടത്തിന്റെ യഥാർത്ഥ പ്രതിഫലനം എന്നതുപോലെ പ്രഗൽഭമായ ജീവിത വ്യാഖ്യാനവും അതോടൊപ്പം അവ യുൾക്കൊള്ളുന്നു. മൗലികമായ മനുഷ്യസ്വഭാവം ലോകത്തിൽ എല്ലായിടത്തും എക്കാലത്തും ഒരുപോലെ ആയതിനാൽ ദേശത്തിന്റെയും കാലത്തിന്റെയും പരിമിതികൾക്കതീതമായ ഒരുയർന്ന സ്ഥാനമാണ് അവർക്ക് ലഭിക്കുന്നത്. അതിനാൽ മാനവ സംസ്കാരത്തിന്റെ അത്തരം കുസുമങ്ങൾ ലോകത്തിൽ എവിടെ വികസിച്ചാലും അവ മനുഷ്യരാശിയുടെ മുഴുവൻ സ്വത്തായി തീരുന്നു അവയ്ക്കു ജന്മം നൽകിയ പ്രതിഭാധനരായ കലാകാരന്മാരാവട്ടെ വിശ്വ

സാഹിത്യ നഭോ മണ്ഡലത്തിലെ ഉജ്ജ്വല താരങ്ങളായി പ്രക്ഷോഭിക്കുകയും ചെയ്യുന്നു. പത്തൊാമ്പതാം നൂറ്റാണ്ടിൽ റഷ്യൻ ജനതയുടെ അതി സൂക്ഷ്മങ്ങളായ ജീവിതചലനങ്ങളെ പോലും ഒപ്പിയെടുത്ത് അനിതരസാധാരണമായ കലാമർമ്മ ജ്ഞതയോട് തന്റെ നോവലുകളും ചെറുകഥകളും നാടകങ്ങളും അവതരിപ്പിച്ച യുഗ പ്രഭാവനായ അത്തരം ഒരു സാഹിത്യനായകനാണ് ലിയോ ടോൾസ്റ്റോയിസ്. പക്ഷേ, സാഹിത്യസൃഷ്ടിയിൽ മാത്രം ഒതുങ്ങിനിന്നില്ല അദ്ദേഹത്തിന്റെ മഹനീയമായ വ്യക്തിപ്രഭാവം. സാഹിത്യപ്രവർത്തനത്തെ പോലും അദ്ദേഹം കാലക്രമത്തിൽ മനുഷ്യ നന്മയ്ക്ക് വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത സമരമാക്കി മാറ്റി. സത്യം, സ്നേഹം, അഹിംസ, സരളജീവിതം തുടങ്ങിയ ദാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് അവയുടെ മാഹാത്മ്യം തന്റെ അനുവാചർക്ക് വ്യക്തമാക്കാൻ പാടുപെട്ട ഋഷിതുല്യനായ അദ്ദേഹം വിശ്വസാഹിത്യത്തിന്റെ മനസാക്ഷിയായിതീർന്നു. തന്റെ മാതൃഭൂമിയായ റഷ്യയുടെയും റഷ്യയുൾപ്പെടുന്ന യൂറോപ്പിന്റെയും തദ്വാരാ മുഴുവൻ ലോകത്തിന്റെ തന്നെയും ആത്മാവായി ആ സന്മാർഗ പ്രവാചകൻ ഉയർന്നു.

അദ്ദേഹത്തിന്റെ ജീവിതതത്ത്വ പ്രബോധനമാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ മറ്റൊരു രാജ്യക്കാരും തങ്ങളുടെ വിജയവൈജയന്തിയായി പരിലസിക്കുന്നു. മണ്ണിന്റെ മണവും മനുഷ്യഹൃദയത്തിന്റെ മടിപ്പും ഒന്നുപോലെ ഉൾക്കൊള്ളുന്ന കഥാപ്രപഞ്ചം സൃഷ്ടിച്ച ടോൾസ്റ്റോയ് റഷ്യക്ക് വിശ്വസാഹിത്യത്തിന്റെ ഭൂപടത്തിൽ അനശ്വരമായ സ്ഥാനംതനേടി കൊടുത്ത ക്രാന്തർശികളിൽ പ്രമുഖനായ അദ്ദേഹത്തിന്റെ സമകാലികനായിരുന്ന ഡോസ്റ്റോവിസ്കിടും ടർജീനിയും ചെക്കോവും ആണ് മറ്റു ചിലർ. പക്ഷേ റഷ്യൻ ജനതയുടെ സ്വഭാവവും ആത്മാവും ഹൃദയാവർജകമാക്കി ആവിഷ്കരിക്കുകയും വ്യക്തമായി വ്യാഖ്യാനിക്കുകയും ചെയ്യുന്നതിൽ ടോൾസ്റ്റോയി നേടിയ സമ്പൂർണത അവകാശപ്പെടാൻ അവർക്കാർക്കും സാധ്യമല്ലതന്നെ. ആത്മകഥാശയങ്ങൾ അടങ്ങിയ ശൈശവം, കൗമാരം, യൗവനം എന്നീ ആദ്യ കൃതികളും അത്ഭുത കരമാംവിധം വിശാലമായ ക്യാൻവാസിൽ രചിച്ച യുദ്ധവും സമാധാനവും എന്ന വിശ്വംത്തരമായ ഇതിഹാസനോവലും മനുഷ്യമനസ്സിന്റെ നിഗൂഢതയ്ക്കാണ്

അവിസ്മരണിയമായ ഉൾക്കാഴ്ച നൽകുന്ന അന്നാ കരീനീന എന്ന അതിവിശിഷ്ടമായ നോവൽശിൽപവും ആന്തരികമായ ശുദ്ധീകരണ പ്രക്രിയയിൽ കൂടി കടന്നു പോയതിനശേഷം പുതിയ ലക്ഷ്യബോധത്തോടെ രചിച്ച ഉയർത്തെഴുന്നേൽപ്പ് എന്ന ഹൃദമായ നോവലും കുറേ ചെറുകഥകളും ടോൾസ്റ്റോയിയുടെ സാഹിത്യ സംരംഭത്തിന്റെ നിത്യസ്മാരകങ്ങൾ. ലോക സാഹിത്യത്തിൽ ടോൾസ്റ്റോയി നേടിയ അത്യുന്നതമായ സ്ഥാനം പത്തൊൻപതാം നൂറ്റാണ്ടിലെ യൂറോപ്പിലെ പുതിയ ജീവിതശൈലിയും ലോകവീക്ഷണവും പാരമ്പര്യത്തിന്റെ പശിമയുള്ള മണ്ണിൽ ആഴത്തിലിറങ്ങി നിന്നുകൊണ്ടും വൈവിധ്യവും വൈചിത്ര്യവും മുറ്റിനിൽക്കുന്ന മറക്കാനാവാത്ത കഥാപാത്രങ്ങളുടെ വൈവിധ്യമാർന്ന ജീവിതാനഭവങ്ങൾ ആക്കി മാറ്റാൻ മഹിഞ്ഞവെന്നതിനെ അടിസ്ഥാനമാക്കിയാണ്.

Ayesha B



## വൈലോപ്പിള്ളി

ശ്രീ എന്ന തൂലികാനാമത്തിൽ മലയാളകവിതാ ലോകത്തേക്ക് കടന്നുവന്ന വൈലോപ്പിള്ളി ശ്രീധര മേനോൻ മലയാളകവിതയിലെ യുഗപരിവർത്തകനായിരുന്നു. കലൂരിൽ 1911 മെയ് 11 തിയതി ജനിച്ചു കാല്പനികകാലത്തിന്റെ അന്ത്യയാമത്തിലായിരുന്നു വൈലോപ്പിള്ളി കവിതയുമായി രംഗത്തെത്തുന്നത് . കാ ല്പനികതയിൽ നിന്ന് ഒട്ടൊക്കെ മാറി നിന്ന് ജീവിതത്തെ കുറച്ചുകൂടി യാഥാർത്ഥ്യബോധത്തോടെ കണ്ടിരുന്ന, അദ്ദേഹം ആ യാഥർത്ഥ്യബോധത്തിലെത്തുമ്പോൾ വ്യവസ്ഥാപിതമായി യോജിക്കാനാകാത്തതിനോട് വിട്ടു വീഴ്ച്ചയില്ലാതെ സമരം പ്രഖ്യാപിക്കുകയാണ് തൻ്റെ ദൗത്യമെന്ന് വിശ്വസിച്ചു. ഇടപ്പള്ളിയിലും ചങ്ങമ്പുഴയിലും നിലനിന്ന അതുകൊണ്ടു തന്നെ ഒരു തികഞ്ഞ

മനുഷ്യസ്നേഹിയുടെ യാഥാർത്ഥ്യ
ബോധത്തോടെ വൈലോപ്പിള്ളി
സ്വീകരിച്ചു.'കാച്ചിക്കുറുക്കിയ കവിത' യുടെ
കർത്താവ് എന്നാ ണ് വൈലോപ്പിള്ളി
അറിയപ്പെടുന്നത് കുറച്ചു വാക്കുകൾ കൊണ്ട്
കൂടുതൽ ആശയങ്ങൾ കവിതയിൽ
സന്നിവേശിപ്പിക്കുവാൻ വൈലോപ്പിള്ളിക്കുള്ള
കഴിവ് എടുത്തുപറയേണ്ടിയി രിക്കുന്നു.
വാക്കുകൾ അളന്നു തൂക്കിയാണ് അദ്ദേഹം.
കവിതയിൽ ഉപയോഗിച്ചിരുന്നത് . അതു
കൊണ്ടു തന്നെ അനാവശ്യ വർണ്ണനകളോ
ഏച്ചുകെട്ടുകളൊ നമുക്ക് അദ്ദേഹത്തിന്റെ
കവിതയിൽ കണ്ടെത്താൻ കഴിയില്ല.കേരളീയ
ഗ്രാമമാണ് വൈലോപിള്ളിയുടെ കവിതയിൽ
നിറഞ്ഞുനിൽക്കുന്നത് ആധുനികയുഗത്തിൽ
ഗ്രാമീണതയേൽക്കേണ്ടി വരുന്ന അപകടങ്ങളെ
ഓർത്ത് വിഷാദിക്കുന്ന കവി, പൊയ്പ്പോയ
താലത്തെ മധുരസ്മൃതികളിൽ ആനന്ദം
അനുഭവിക്കുന്നുണ്ട് ശാസ്ത്രീയമായ
യുത്തിവിചാരവും, നഷ്ടകാലത്തെ കുറിച്ചുള്ള
കാല്പനികമായ വിമാദവും
വൈലോപ്പളളിയുടെ കവിതയുടെ മുഖ
മുദ്രയാണ്. കന്നിക്കൊയ്ത്ത്, വിത്തും

കൈക്കോട്ടും, ശീരേഖ, ഓണപ്പാട്ടുകൾ. കുരുവികൾ കയ്പവല്ലരി വിട, അന്തിചായുന്നു, കടൽക്കാക്കകൾ, കുന്നിമണികൾ മകരക്കൊയ്ത്ത് തുടങ്ങിയ സമാഹാരങ്ങളും ഋശ്യശൃംഗനും അലക്സാണറും (നാടകം) കുടിയൊഴിക്കാത (ഖണ്ഡകാവ്യം) എന്നിവയാണ് പ്രധാനകൃതികൾ. 1965ൽ സോവ്യറ്റ്ലാന്റ് നെഹ്റു അവാർഡ് ഓടക്കുഴലിന് ലഭിച്ചു. 1972ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ഓടക്കുഴൽ അവാർഡും നേടി വയമാർ അവാർഡ് ലഭിച്ചത് കേരളക്കൊയ്ത്തിനാണ് ഏതാനും ബാലസാഹിത്യ കൃതികളും കാവ്യനാടകങ്ങളും രചിച്ചിട്ടുണ്ട്. 1985 ഡിസംബർ 25ന് അദ്ദേഹം അന്തരിച്ചു, അദ്ദേഹത്തിൻ്റെ കൃതികളിലൂടെ മലയാളികളുടെ മനസ്സിൽ ഇന്നും ജീവിക്കുന്നു

# കാക്കാരിശി നാടകം

നാട്ടിൻപുറങ്ങളിൽ കൃഷി ചെയ്ത് ജീവിച്ചിരുന്ന ഗ്രാമീണർ അവരുടെ തൊഴിൽ സമയം കഴിഞ്ഞ് വിശ്രമിക്കുന്ന വേളയിൽ സന്തോഷത്തിനായി നാടകം പോലെയുള്ള നാടോടി നാടകങ്ങൾ അരങ്ങേറിയിരുന്നത്. കൊയ്ത്തു കഴിഞ്ഞ് പാടങ്ങളിലോ വിശാലമായ വീട്ടുമുറ്റത്ത് മൈതാനങ്ങളിലും ഒക്കെയാണ് ഇത് അവതരിപ്പിക്കുന്നത്. ഒരു സാമൂഹിക വിനോദ കലയായ ഇതിന് തെക്കൻ കേരളത്തിലാണ് കൂടുതൽ പ്രചാരമുള്ളത് കാക്ക രുകളി,കാക്കാച്ചി നാടകം, കാക്കാല നാടകം  എന്നിങ്ങനെ വിവിധ പേരുകളിൽ ഇത് അറിയപ്പെടുന്നു. കാക്കാല നാടകം എന്നാണ് പേരെങ്കിലും താക്കാല വർഗ്ഗത്തിൽ പെടുന്നവരല്ല ഇത് അവതരിപ്പിക്കുന്നത്. കാക്കാലൻ കാക്കാത്തി എന്നീ പേരുകളിലുള്ള കഥാപാത്രങ്ങൾ ഉണ്ടെന്നു മാത്രം. നാടും വീടും തൊഴിലും ഒന്നുമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്നവരാണ് കാക്കാലന്മാർ. നാടോടി നടക്കുന്ന അവർക്ക് സഞ്ചാരവേളകളിൽ

ഒട്ടേറെ അറിവും അനുഭവങ്ങളും കിട്ടുന്നുണ്ട്. ലൊട്ടു ലൊടുക്ക വിദ്യകളും ജാല വിദ്യയും പാമ്പുപിടുത്തവും പാമ്പാട്ടവും കുരങ്ങനെ കളിപ്പിക്കലും പച്ചകുത്തും ഒറ്റമൂലി ചികിത്സയും കൈനോട്ടവും എല്ലാം അറിയാം. ഇവരെ നാട്ടുകാർ അത്ഭുതത്തോടെയാണ് നോക്കിക്കാണുന്നത്. മുമ്പുകാലത്ത് ഓണം ശിവരാത്രി  വിളവെടുപ്പ് തുടങ്ങിയ വിശേഷ അവസരങ്ങളിൽ നാടകം കളിക്കുക പതിവായിരുന്നു. രാത്രികാലങ്ങളിൽ മണ്ണെണ്ണ വിളക്കിന്റെയും പന്തത്തിന്റെയും ഒക്കെ പ്രകാശത്തിലാണ് ഇത് അവതരിപ്പിച്ചിരുന്നത്. കാലം മാറിയപ്പോൾ വൈദ്യുതി വിളക്കുകളും ഉപയോഗിച്ചു തുടങ്ങി രംഗ സംവിധാനങ്ങൾ ഒന്നും തന്നെ ഇത് അവതരിപ്പിക്കാൻ ആവശ്യമില്ല. മുമ്പ് കാലത്ത് സ്ത്രീ വേഷവും പുരുഷന്മാർ തന്നെയാണ് കെട്ടിയിരുന്നത്. കാക്കാന്റെയും കാക്കാത്തിയുടെയും കഥയാണ് കാക്കാരിശി നാടകത്തിൽ പറയുന്നത്. പരസ്പരബന്ധം ഇല്ലാതെ ഒട്ടേറെ കഥകൾ ഇതിലുണ്ട്. കാക്കാലൻ മാരെ കുറിച്ച് വിവിധങ്ങളായ പുരവൃത്തങ്ങൾ ഗ്രാമങ്ങളിൽ ഉണ്ട് പരമശിവന്റെ കണ്ണേറു ദോഷം

തീർക്കാനായി മുനിമാർ ഒരുക്കിയ
ഹോമകുണ്ഡങ്ങളിൽ നിന്നും ഉണ്ടായവരാണ്
കാക്കാനും കാക്കാത്തിയും ഒരു സങ്കല്പം.
സുബ്രഹ്മണ്യൻ വേടന്റെ വേഷം അണിഞ്ഞ്
വള്ളി യമ്മയോട് പ്രേമ അഭ്യർത്ഥന നടത്തിയ
കഥയാണ് മറ്റൊന്ന്. തമ്പി എന്ന കുറവ
രാജാവിന്റെ മകളാണ് വള്ളിയമ്മ
ശിവനും പാർവതിയും ഗംഗയും ഭൂമിയിൽ
അഴിമതികൾ അവസാനിപ്പിക്കാനായി
കാക്കാനും കാക്കാത്തിമാരും ആയി
അവതരിപ്പിച്ചതാണെന്നാണ് മറ്റൊരു
വിശ്വാസം. ഗരുഡനും ആയി ബന്ധപ്പെട്ട വേറെ
ഒരു കഥ കൂടിയുണ്ട്. വിശന്നു വലഞ്ഞ
ഗരുഡൻ മനുഷ്യരെ പിടിച്ചു തിന്നുന്ന
കൂട്ടത്തിൽ കുറെ ബ്രാഹ്മണരും അതിൽപ്പെട്ടു.
ബ്രാഹ്മണരെ കൊന്നതിന്റെ പശ്ചാത്താപം
ഓർത്ത് ഗരുഡൻ അമ്മ വിനിത ദുഃഖിച്ചു.
ഭക്ഷിച്ച ബ്രാഹ്മണരെ ഒക്കെയും ഗരുഡൻ
ശർദ്ദിച്ചു അങ്ങനെ പുറത്തുവന്നവരാണ്
കാക്കന്മാരായതെന്ന് ആ കഥ

# DREAMS

[illegible]

Mahima Raj
9 C

# THE LOVING TOUCHES OF FATHER


[illegible]

[illegible]

[illegible]

Akhila
8 C






AYESHA


Thank You